## ഡാമേജ് DAM + AGE !

അതിരപ്പിള്ളി (ചാലക്കുടിപ്പുഴ), പാത്രക്കടവ് (സൈലന്റ്‌വാലി) തുടങ്ങിയ ജലവൈദ്യുതി പദ്ധതികൾക്കായി ഡാം നിർമ്മിക്കുന്നതുകൊണ്ടുള്ള അപകടങ്ങളെക്കുറിച്ച് 'കേരളീയ'ത്തിലെ പഠന വിശകലനങ്ങൾ, വിയോജിപ്പുകൾ കാണാറുണ്ട്.

'ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം" എന്നായി നമ്മുടെ ഭരണാധികാരികൾ/ നേതൃത്വം മാറിയതറിയുന്നില്ലേ! ജന്തുജീവജാലങ്ങളുടെ നാശം, കുടിവെള്ളക്കുറവ്, ജലസേചന പ്രശ്നം, ആദിവാസി കുടിയൊഴിക്കൽ, കാടും പുഴയും മത്സ്യസമ്പത്തും നശിക്കൽ, പ്രകൃതിസൗന്ദര്യത്തിന്റെ തീരാനഷ്ടം, സർവ്വോപരി പൊതുമുതലിന്റെ - സാമ്പത്തിക നഷ്ടവും.

ഇപ്പോൾ ഇങ്ങനെയാണ് കാര്യങ്ങൾ:


'ഡാമണ്യേ വാധികാരസ്ഥേ്യ
മാ കറണ്ടേഷു കദാചന'

അണക്കെട്ടുണ്ടാക്കുക എന്നതാണ് മുഖ്യം. കറണ്ടുണ്ടാകുമോ എന്ന് ചിന്തിക്കേണ്ടതില്ല.

'കർമ്മം ചെയ്യുക നമ്മുടെ ലക്ഷ്യം
കർമ്മഫലം തരുകീശ്വരനല്ലേ?'
'ഡാമുണ്ടാക്കുക നമ്മുടെ ലക്ഷ്യം
നഷ്ടം(നാശം) പേറുക നാട്ടുകാരല്ലോ'

കാലം ഇപ്പോൾ ഡാമേജ് (Dam+age) ആയി മാറിയല്ലോ.

എം. ദാസ്, പ്രൊവിഡൻസ് ഗ്രീൻസ്, കൊടകര-680 684




കാർട്ടൂൺ : വി.എസ്. ഗിരീശൻ

• പരിചയം



## പ്ലാച്ചിമട സോപ്പ്, സഹകരിക്കുക...

നാലരവർഷത്തിലേറെയായി കൊക്കകോള എന്ന ബഹുരാഷ്ട്ര കുത്തകയ്ക്കും, ഇത്തരം ജനവിരുദ്ധ ശക്തികൾക്ക് വിഭവങ്ങളും വിപണിയും തീറെഴുതുന്ന ഭരണകൂട നയങ്ങൾക്കുമെതിരെ ചെറുത്തുനിൽക്കുന്ന പ്ലാച്ചിമടയിലെ ജനങ്ങൾ ഉത്പാദിപ്പിക്കുന്ന സോപ്പാണിത്. വർത്തമാനകാല സമൂഹത്തിലെ ഏറ്റവും പിന്തള്ളപ്പെട്ട ജനവിഭാഗങ്ങൾ - വംശീയമായി അവഗണിക്കപ്പെടുന്ന ആദിവാസികൾ, ലിംഗപരമായ അവഗണനകൾക്ക് ഇരയാകുന്ന സ്ത്രീ സമൂഹം, തൊഴിൽപരമായ അവഗണനയ്ക്ക് വിധേയമാകുന്ന കർഷക സമൂഹം - നടത്തുന്ന ചെറുത്തുനിൽപ്പാണ് പ്ലാച്ചിമടയിൽ തുടരുന്നത്. കോളാ കമ്പനിമൂലം ജീവിതം വഴിമുട്ടിയ ജനതയ്ക്ക് കമ്പനിയിൽനിന്നും നഷ്ടപരിഹാരം ഈടാക്കി നൽകി എന്നന്നേയ്ക്കുമായി അത് അടച്ചുപൂട്ടണമെന്ന ആവശ്യമുന്നയിച്ചാണ് പ്ലാച്ചിമടയിലെ കോളാവിരുദ്ധ സമരം ഇപ്പോഴും മുന്നോട്ട് നീങ്ങുന്നത്.

ജനജീവിതത്തിന്റെ അടിസ്ഥാനമായ പ്രകൃതി വിഭവങ്ങൾ കൊള്ളയടിച്ചും എല്ലാ സൂക്ഷ്മതലങ്ങളിലേക്കും വിപണിയിലൂടെ കൈകടത്തിയുമുള്ള പുതിയ കോളനി വാഴ്ചയ്ക്കാണ് ഇത്തരം മൂലധനനിക്ഷേപം ഇടവരുത്തുന്നതെന്ന് തിരിച്ചറിയുന്നു. ഈ ദുരവസ്ഥയെ പ്രതിരോധിക്കാൻ ജനങ്ങൾ സമരാത്മകമായും, നിർമാണാത്മകമായും പ്രവർത്തിക്കണമെന്നും മനസ്സിലാക്കുന്നു. ജനകീയ പ്രതിരോധത്തിന് സാമ്പത്തിക-രാഷ്ട്രീയമാനങ്ങൾ ഉണ്ടെന്നും ബോധ്യമുണ്ട്. ജനങ്ങളുടെ സ്വാശ്രയത്വത്തെ തകർക്കുന്ന ദേശവിദേശ കുത്തകകളുടെ ഉൽപന്നങ്ങൾ സാധ്യമായത്ര ബഹിഷ്കരിക്കുകയും പകരം ജനപങ്കാളിത്തത്തോടെ നിത്യോപയോഗസാധനങ്ങളെങ്കിലും ഉൽപാദിപ്പിക്കുകയും ചെയ്യുന്നത് സാമ്പത്തികമാനങ്ങളുള്ള നിർമാണാത്മകമായ ചെറുത്തുനിൽപ്പാണ്.

പ്ലാച്ചിമട സോപ്പ് അത്തരമൊരു ചെറുത്തുനിൽപ്പിന്റെ രാഷ്ട്രീയമാണ് ഉയർത്തിപ്പിടിക്കുന്നത്. ഈ തിരിച്ചറിവുകളോടെ പ്ലാച്ചിമട സോപ്പ് ഉപയോഗിക്കുമ്പോൾ നിങ്ങളും ഈ സമരത്തിൽ പങ്കാളികളാവുകയാണ്. നിങ്ങൾ ഈ സോപ്പ് വാങ്ങുന്നതിനായി ചെലവഴിച്ച തുകയിൽ ഒരു പങ്ക് ഈ സോപ്പ് നിർമിച്ച പ്ലാച്ചിമടയിലെ പൊരുതുന്ന ജനതയിലേക്ക് എത്തിച്ചേരുമെന്ന് കൂടി ഓർക്കുക.

*വിളയോടി വേണുഗോപാൽ, പ്ലാച്ചിമട കണ്ണദാസൻ (പ്ലാച്ചിമട സമരസമിതി). സണ്ണി പൈകട, സുരേഷ് ജോർജ്ജ് (ജനാധികാര രാഷ്ട്രീയസമിതി).*

സോപ്പ് ലഭിക്കാൻ ബന്ധപ്പെടുക : ശശികുമാർ, 9847380008

## ജീവജലം.....

**വിഷയം**

ഭൂമിയിൽ,
ജീവനെ തളിർപ്പിക്കാനും
തളിരണിയിക്കാനുമായി
പ്രകൃതി - ദൈവം തന്നിട്ടുള്ള അനുഗ്രഹങ്ങൾ
നഗ്നമായും ക്രൂരമായും ചൂഷണം ചെയ്യപ്പെടുമ്പോൾ
എനിക്ക് എന്തു ചെയ്യാനാകും?

**നിയമം**

സംസ്കൃതിയുടെ സ്ഥാപനത്തിലോ സംസ്ഥാപനത്തിലോ നിയമം ക്രിയാത്മകവും കാര്യക്ഷമവും ആയിട്ടില്ല പലപ്പോഴും. 'നന്മ' നിയമംവഴി രൂപംകൊള്ളുകയോ ശക്തി പ്രാപിക്കുകയോ ചെയ്യുന്നില്ല. ചെയ്തിട്ടില്ല. ജാതി-സ്ത്രീ സമത്വ നിയമങ്ങൾ ഉദാഹരണം. ചിലപ്പോൾ ചില 'പ്രതി' കളെ കൈയാമം വയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്നല്ലാതെ, ഇത്രം വൈജാത്യങ്ങൾ ഒഴിവാക്കാനും ജാത്യതീതമായ, ലിംഗതീതമായ സാഹോദര്യ സമഭാവം കൈവരുത്താനും നിയമത്തിനു കഴിഞ്ഞിട്ടില്ല. (സൂക്ഷ്മ വിശകലനത്തിൽ, കൂടുതൽ വിനാശകരമാണ്. ഇപ്പോൾ കാര്യങ്ങൾ) നിയമം മൂലം നിർബന്ധിക്കപ്പെടുമ്പോഴല്ലാതെ 'എനിക്ക്' എന്തെങ്കിലും ചെയ്യാനാകില്ലേ.

**സമൂഹം**

വ്യക്തമായ ഒരു സ്വഭാവത്തോടെ നിലനിൽക്കുകപോലും ചെയ്യാത്ത സമൂഹത്തിന്റെ പേരിലാണ് ജീർണ്ണതകളും ചൂഷണങ്ങളും പരിപോഷിപ്പിക്കപ്പെടുന്നത്. വാക്ക്, ഉടുപ്പ്, നടപ്പ്, ആഹാരം, കൂട്ട്, കൂട്ടം, കല ...... എല്ലാം, സമൂഹത്തോടൊപ്പം നിൽക്കാൻ എന്നാണ് ആരോപിക്കപ്പെടുന്നത്. ആരാണ് ഈ സമൂഹം? എനിക്ക്, എന്നിൽനിന്ന്, എനിക്കുവേണ്ടി ചിലതെല്ലാം ചെയ്യാൻ കഴിയും.

**വ്യക്തി**

ചലനം പരമാണുവിലെന്നപോലെ, മാറ്റം വ്യക്തിയിൽ സംക്ഷിപ്തമായതും അവന്റെ/അവളുടെ ആന്തരികതയിൽനിന്ന് വെളിപ്പെടേണ്ടതുമാണ്. അവനവനെ ഒഴിവാക്കി, അവനവന്റെ ഭാഗം (ഉത്തരവാദിത്വം) ഏറ്റെടുക്കാതെയാണ് വിഷയങ്ങളോടുള്ള നമ്മുടെ സമീപനരീതികൾ. അണ്ണാൻകുഞ്ഞിനെപ്പോലെ തന്നാലായവിധം ചെറിയ ചില വലിയ കാര്യങ്ങൾ ചെയ്യാൻ 'എനിക്ക്' കഴിയും.

**പ്രവർത്തനം ആദ്യഘട്ടം**

'ഞാൻ' കോളകൾ കുടിക്കുന്നില്ല, കൊടുക്കുന്നില്ല. പ്ലാസ്റ്റിക് ഉൽപന്നങ്ങളും ആർഭാടങ്ങളും പരമാവധി ഒഴിവാക്കുന്നു. 'എനിക്ക്' ഇതുവേണ്ട എന്നു പറയാൻ ധൈര്യപ്പെടുന്നു. ലോകം മാറിയിട്ട്, സമൂഹം ബോധവൽക്കരിക്കപ്പെട്ടിട്ട് നിയമം വഴി നീതി നടപ്പിലാക്കപ്പെട്ടിട്ട് എന്തെങ്കിലും ചെയ്യാൻ കാത്തിരിക്കുന്നില്ല 'ഞാൻ'

സ്നേഹപൂർവ്വം സുജ, വട്ടിയൂർക്കാവ്, തിരുവനന്തപുരം

● 'ഞാൻ' 'എനിക്ക്' ഇവ ബഹുവചനത്തിൽ ഉപയോഗിച്ചിരിക്കുന്നു. രണ്ടാംഘട്ടം പ്രവർത്തനപദ്ധതികൾ രൂപപ്പെട്ടുവരുന്നതേയുള്ളു.

## ഇത് ശരിയോ?

സർക്കാർ ജീവനക്കാർ മുഴുവൻ അഴിമതിക്കാരാണ്.

അവർ ജനങ്ങളോട് മോശമായി പെരുമാറുന്നു.

കൃത്യമായി പണിയെടുക്കുന്നില്ല.

ജനങ്ങളെ ശത്രുക്കളായി കാണുന്നു.

എത്ര ശമ്പളം കിട്ടിയാലും തികയാത്തവരാണ്.

ഖജനാവാകെ ചോർത്തിയെടുക്കുന്നു.

സമൂഹത്തെക്കുറിച്ച് ഒരു ചിന്തയുമില്ല.

ഒരുവർഷം 13 മാസത്തെ ശമ്പളം വാങ്ങുന്നു.

സംഘടിത ശേഷികൊണ്ട് ജനങ്ങളെ പേടിപ്പിക്കുന്നു.

ഉറങ്ങാനും വിശ്രമിക്കാനുമാണ് ആഫീസിൽ വരുന്നത്.

പൈങ്കിളി മാസികകൾ വായിക്കലാണ് വനിതാ ജീവനക്കാരുടെ തൊഴിൽ

ജീവനക്കാരെ കുറിച്ചുള്ള ആക്ഷേപങ്ങൾ ഇനിയും നിരവധിയുണ്ട്.

ഈ ആക്ഷേപങ്ങളെല്ലാം ശരിയാണോ?

അല്ല

ഈ ആക്ഷേപങ്ങളിൽ ശരിയില്ലെ?

ഉണ്ട്.

ഇതിന് മാറ്റം വേണ്ടേ?

വേണം.

സർക്കാർ ജീവനക്കാരിൽ ഭൂരിപക്ഷം അഴിമതിക്കാർ ആണോ?

അല്ല, 20%-ൽ താഴെയേ വരൂ.

പക്ഷെ ഈ ന്യൂനപക്ഷം സിവിൽ സർവ്വീസിനാകെ അപമാനമല്ലേ?

അതെ

പരിഹാരം എന്താണ്?

ഇവരെ കണ്ടെത്തണം. സർവ്വീസിന് പുറത്താക്കുകയും വേണം.

ജോയിന്റ് കൗൺസിൽ അതിന് തയ്യാറാണോ?

അതെ. അതിനുവേണ്ടിയാണ് ഈ ജാഥ.

സിവിൽ സർവ്വീസ് സംരക്ഷിക്കുക, സിവിൽ സർവ്വീസ് മാറ്റുക

(സർക്കാർ ജീവനക്കാരുടെ സംഘടനകളിലൊന്നായ ജോയിന്റ് കൗൺസിൽ നടത്തുന്ന സർവ്വീസ് പരിഷ്കരണ ജാഥാ നോട്ടീസിൽനിന്ന്)


**കേരളീയം പുസ്തകശാല**

കേരളീയം പ്രസ്സ് ആദ്യപുസ്തകം

**ജാഗ്രതയുടെ കാവൽമാടം - കേരളീയം കാലങ്ങളിലൂടെ**

കഴിഞ്ഞ 100 ലക്കങ്ങളിലെ ഏറ്റവും ശ്രദ്ധേയമായവ വൈവിധ്യത്തോടെ സമാഹരിക്കുന്നു

എഡിറ്റർ : കെ.ആർ. ഇന്ദിര

**പോസ്റ്റ് മാർക്സിസം**

എഡിറ്റർ : ദിലീപ്‌രാജ്

'കേരളീയം', കൊക്കാലെ, തൃശൂർ-21


# വനം കയ്യേറിയവർ ആരായാലും അവരെ ഒഴിപ്പിക്കണം - പരിസ്ഥിതി സംരക്ഷണസംഘടനകൾ

ഷൊർണൂർ-കുളപ്പുള്ളിയിലെ അന്തിമഹാകാളൻകാട് കയ്യേറിയവർ എത്ര സമുന്നതരായാലും വനസംരക്ഷണ നിയമവും സുപ്രീംകോടതിയുടെ നിർദ്ദേശങ്ങളും അനുസരിച്ച് അവർക്കെതിരെ കേസെടുത്ത് വനഭൂമിയിൽ നിന്നും ഒഴിപ്പിക്കണം. സമൂഹത്തിന് മാതൃകകളാകേണ്ട പ്രമുഖ സമുദായനേതാക്കൾ സത്യസന്ധരായ ഉദ്യോഗസ്ഥരെ തങ്ങളുടെ രാഷ്ട്രീയസ്വാധീനം ഉപയോഗിച്ച് വിരട്ടി നിഷ്ക്രിയരാക്കുന്നത് തികച്ചും അപലപനീയമാണ്. നമ്മുടെ ഭാഗ്യംകൊണ്ട് മഴുവീഴാതെ രക്ഷപ്പെട്ട ഭാരതപ്പുഴയുടെ വൃഷ്ടിപ്രദേശത്ത് അവശേഷിക്കുന്ന ഒരു പ്രധാന കാടാണ്, അന്തിമഹാകാളൻ കാട്. പുഴയിലെ നീരൊഴുക്ക് നിലനിർത്തുന്നത് ഇത്തരം കാടുകളാണ്. ഷൊർണൂർ നഗരത്തിലെ ജലസ്രോതസ്സുകളെ നിലനിർത്തുന്നതിലും ഈ കാടിന് വലിയ പങ്കുണ്ട്. ഇതിനു സമീപമുള്ള സുപ്രസിദ്ധ അന്തിമഹാകാളൻ ക്ഷേത്രത്തിലെ അന്തിമഹാകാളന്റെ (ശിവന്റെ) വേട്ടയ്ക്കുള്ള കാടാണ്, അന്തിമഹാകാളൻ കാട് എന്നാണ് സങ്കല്പം. അന്തിമഹാകാളന്റെ ജടയും ചിറയുമെന്ന വനവും സമീപത്തുള്ള അഞ്ചേക്കർ വിസ്തൃതിയുള്ള കുളവുമെന്ന നാട്ടുവിശ്വാസവും നിലവിലുണ്ട്. ക്ഷേത്രത്തിൽ നടയ്ക്കിരുത്തിയ 50-ൽപ്പരം കാളക്കൂറ്റന്മാരെ ഈ കാട്ടിൽ മേയാൻ വിട്ടിട്ടുമുണ്ട്. മാത്രമല്ല, വംശനാശം നേരിട്ടുകൊണ്ടിരിക്കുന്ന സർപ്പഗന്ധി ഉൾപ്പെടെ വളരെയേറെ ജൈവവൈവിദ്ധ്യമുള്ള കാടാണിത്. ചുരുക്കത്തിൽ, കാടും, ക്ഷേത്രവും, ചിറയും ഇവിടത്തെ സാമൂഹ്യ ജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളാണ്.

പ്രശസ്ത കവളപ്പാറ മൂപ്പിൽനായരുടെ ഉടമസ്ഥതയിലായിരുന്നു, 500 ഏക്കർ വിസ്തൃതിയുള്ള ഈ കാട്. അവകാശത്തർക്കങ്ങൾമൂലം കഴിഞ്ഞ അരനൂറ്റാണ്ടിലേറെയായി റിസീവർ ഭരണത്തിലാണ്, പാലക്കാട് ജില്ലയിലാകെ പരന്നുകിടക്കുന്ന മൂപ്പിൽനായരുടെ സ്വത്തുക്കൾ മുഴുവനും. റിസീവർ ഭരണം മുതലെടുത്തുകൊണ്ട് ഇതിൽപ്പെട്ട നിരവധി വസ്തുക്കൾ പലരും കയ്യേറുകയും അന്യാധീനപ്പെടുകയും ഉണ്ടായി. ഇതിൽപ്പെട്ട 138 ഏക്കർ വനം ഭാരതപ്പുഴ സംരക്ഷണ സമിതി ഹൈക്കോടതിയിൽ നിയമനടപടികൾ സ്വീകരിച്ചതിനെ തുടർന്ന് വനംവകുപ്പ് സൂക്ഷ്മചൈതന്യമാർന്ന പ്രദേശങ്ങൾ ഏറ്റെടുക്കലും സംരക്ഷിക്കലും നിയമം (2001) അനുസരിച്ച് ഏറ്റെടുത്തുകഴിഞ്ഞു. കയ്യേറിയ 7.20 ഏക്കറുള്ള ഷൊർണൂർ - 2 വില്ലേജിലെ സർവേ നമ്പർ 38/2-ൽ ഉൾപ്പെട്ട ഇത് 1971ലെ നിക്ഷിപ്ത വനനിയമം അനുസരിച്ച് ഉടമയിൽനിന്ന് സർക്കാർ ഏറ്റെടുക്കുന്നതാണ്. വിലപിടിപ്പുള്ള മരങ്ങൾ മുറിച്ചുമാറ്റി ജെ.സി.ബി. ഉപയോഗിച്ച് കുന്നിടിച്ച് നിരത്തിയാണ് വിവാദമായ സ്കൂൾ കെട്ടിടം പണിതത്. സർവേക്കല്ലുകളെല്ലാം പിഴുതുമാറ്റിയിട്ടുണ്ട്. അടിക്കാട് വെട്ടി നശിപ്പിച്ചിട്ടുമുണ്ട്. മുൻപ് ഇവിടെയുണ്ടായിരുന്ന വനം ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെയാണ് ഈ കയ്യേറ്റം നടന്നത്. 1961ലെ കേരള വനസംരക്ഷണ നിയമം അനുസരിച്ച് കേസെടുത്ത് കയ്യേറ്റക്കാരെ ഒഴിപ്പിച്ച് അതിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ഈ വനം സംരക്ഷിക്കണം.

**ഇന്ത്യനൂർഗോപി** (ഭാരതപ്പുഴ സംരക്ഷണസമിതി സെക്രട്ടറി), **ഡോ. പി.എസ്. പണിക്കർ** (ജനജാഗ്രത സെക്രട്ടറി).

*ജനജാഗ്രത, പാലക്കാട്-1*



അന്തിമഹാകാളൻ കാട് (കാവ്) - ഫോട്ടോ : പി.എസ്. പണിക്കർ

## അടിസ്ഥാന ജനവിഭാഗങ്ങൾക്ക് ഭൂമി നല്കുക - പി.യു.സി.എൽ.

കേന്ദ്രത്തിൽ യുപിഎ സർക്കാർ അധികാരത്തിൽ കയറിയ ഉടനെ പ്രഖ്യാപിച്ച കോമൺ മിനിമം പ്രോഗ്രാമിൽ ഭൂമിയില്ലാത്ത അടിസ്ഥാന ജനവിഭാഗങ്ങൾക്ക് ഭൂമി കൊടുക്കുക ഒരു പ്രധാന ലക്ഷ്യമായി അംഗീകരിച്ചിരിക്കുന്നു.

തുടർന്ന് പിയുസിഎൽ മലപ്പുറം ജില്ലാ ഘടകം നടത്തിയ സർവ്വേയിൽ ആയിരക്കണക്കിന് ഭൂരഹിതർ ജില്ലയിലുള്ളതായി മനസ്സിലാക്കി. ഇത്തരം അപേക്ഷകരിൽനിന്നും ഏറ്റവും അർഹതയുള്ള 443 പേരെ (വഴിക്കടവ് മുതൽ വന്നേരി വരെ) തിരഞ്ഞെടുക്കുകയും അവർക്ക് ഭൂമി നൽകണമെന്ന് ജില്ലാ ഭരണാധികാരികളോട് അഭ്യർത്ഥിക്കുകയുമുണ്ടായി. അനുകൂല നടപടിയുണ്ടായില്ല.

22-11-2004 ന് മലപ്പുറത്ത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ നടന്ന ബഹുജന സമ്പർക്ക പരിപാടിയിൽ ഇക്കാര്യമുന്നയിച്ചു. അദ്ദേഹം സഹ മന്ത്രിമാരായ ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ, ശ്രീ. കുട്ടി അഹമ്മദ് കുട്ടി, ഡോ. എം.കെ. മുനീർ, ശ്രീ. കെ.പി. അനിൽകുമാർ എന്നിവരുമായി കൂടിയാലോചിച്ച് 443 പേർക്ക് 10 സെന്റ് വീതം ഭൂമി കേരള എസ്റ്റേറ്റ് വില്ലേജിൽ സർവ്വേ നമ്പർ 890 ൽ പെട്ട 1241.88 ഏക്കർ സർക്കാർ ഭൂമിയിൽനിന്ന് അളന്ന് വേർതിരിച്ച് കൈവശ സർട്ടിഫിക്കറ്റ് നൽകി. ആ വിവരം 2 മാസത്തിനകം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യാൻ അന്നത്തെ മലപ്പുറം ജില്ലാ കളക്ടർ ശ്രീ. എം. ശിവശങ്കരനോട് നിർദ്ദേശിച്ചു (ഫയൽ നമ്പർ സി.എം. 506/2004) എന്നാൽ 2 മാസം കഴിഞ്ഞിട്ടും കളക്ടർ അനുകൂലമായ നടപടി സ്വീകരിക്കാത്തതിനെത്തുടർന്ന് കളക്ടറുമായി ബന്ധപ്പെട്ടപ്പോൾ ചില സാങ്കേതിക കാരണങ്ങൾ ഉന്നയിച്ച് പാവപ്പെട്ടവരായ 443 പേർക്ക് ഭൂമി നൽകിയില്ല. 6-2-2006 ന് വീണ്ടും മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുമായി ബന്ധപ്പെട്ടു. അദ്ദേഹം സെക്രട്ടറി ശർമ്മയെ വിളിച്ചു. കളക്ടറിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടാമെന്ന് സമ്മതിച്ചു. 20-2-2006 ൽ കാണുവാൻ പറഞ്ഞതനുസരിച്ച് തിരുവനന്തപുരത്ത് പോയെങ്കിലും കാണുവാൻ സാധിച്ചില്ല. ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. അച്യുതാനന്ദനുമായി ബന്ധപ്പെട്ടു. സർക്കാർ ഉത്തരവ് നടപ്പാക്കാത്തതിന്റെ കാരണം അന്വേഷിച്ച് നടപടിയെടുക്കാമെന്ന് വാക്കുതന്നു. റവന്യൂ മന്ത്രി ശ്രീ. കെ.പി. രാജേന്ദ്രൻ 9-10-2006 ലെ ഫയൽ നമ്പർ 269/DCM/M(R)06 പ്രകാരം ബന്ധപ്പെട്ട മലപ്പുറം കളക്ടറോട് അനുകൂലമായി നടപടിയെടുക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ സാങ്കേതിക കാരണങ്ങൾ പറഞ്ഞുകൊണ്ട് ദരിദ്രർക്ക് ഇപ്പോഴും ഈ ഭൂമി നിഷേധിച്ചിരിക്കുകയാണ്.

ജനുവരി 26 ന് റിപ്പബ്ലിക് ദിനത്തിൽ ഈ അപേക്ഷകർ, അവരുടെ കുടുംബാംഗങ്ങളുൾപ്പെടെ ആയിരക്കണക്കിന് ഭൂരഹിതർ - കൂടുതലും സ്ത്രീകൾ - കാളികാവിനടുത്ത് ചോക്കാട് അങ്ങാടിയിൽ രാവിലെ 9 മണിക്ക് ഒത്തുചേരുന്നു. അവിടെനിന്നും അടുത്തുള്ള സർക്കാർ ഭൂമിയിലേക്ക് മാർച്ച് ചെയ്യുന്നു.

ഈ ചരിത്ര സംഭവത്തിൽ താങ്കൾ സുഹൃത്തുക്കളുമായി പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ,
അഡ്വ. പി.എ. പൗരൻ
സംസ്ഥാന പ്രസിഡണ്ട്, പൗരാവകാശ ജനകീയ സംഘടന
(പി.യു.സി.എൽ.), മഞ്ചേരി

## കേരളീയത്തെക്കുറിച്ചുതന്നെ

**'കേരളീയം'** 'മാ'യെക്കുറിച്ച് ഒരു കുറിപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതിനകം ഞാൻ തന്നെ എഴുതിയ 'മാ' കുറിപ്പുകൾ പ്രസിദ്ധീകരിക്കപ്പെട്ടതുകൊണ്ട് വീണ്ടും അത്തരമൊരു കുറിപ്പ് ശരിയായിരിക്കില്ലെന്ന ബോധ്യമുള്ളത് കൊണ്ട് 'കേരളീയ'ത്തിന്റെ 2006 ഡിസംബർ ലക്കത്തെ മുൻനിർത്തി ഒരു ചെറുകുറിപ്പെഴുതുവാനാണ് ഞാൻ മുതിരുന്നത്.

തീർച്ചയായും 'കേരളീയം' പോലുള്ള ഒരു പ്രസിദ്ധീകരണം നടത്തികൊണ്ടുപോകുന്നതിന്റെ പ്രയാസങ്ങളും പ്രയത്നവും, അതിനെ മറികടക്കാനുള്ള ആത്മബോധവും വളരെ വ്യക്തമാണ്. വർത്തമാന കേരളത്തിൽ അതിന്റെ പ്രസക്തി സാധൂകരിക്കുന്ന സാമൂഹ്യ ഘടകങ്ങൾ നിലനിൽക്കുകയും ചെയ്യുന്നു. എന്നാൽ 'കേരളീയം' പലപ്പോഴും ഏകപക്ഷീയമായ നിഷേധാത്മകതയിൽ മാത്രം വിഹരിക്കുകയും മറുപക്ഷത്തെ പരിപൂർണ്ണമായും അവഗണിക്കുകയും ചെയ്യുന്നു. 'ശരിയല്ല,' 'വേണ്ട', 'അരുത്' 'തെറ്റ്' 'അല്ല' തുടങ്ങിയ വാക്കുകളിലും കല്പനകളിലും കുരുങ്ങി എല്ലാ പോരായ്മകൾക്കിടയിലും നിലനിൽക്കുന്ന യഥാർത്ഥ ജീവിതത്തെ, അതിന്റെ സന്തോഷങ്ങളെ, ചെറുവിജയങ്ങളെ കൈയൊഴിയുന്നതിനാൽ അതിന്റെ ഉള്ളടക്കം തികച്ചും വരണ്ടതായി പോകുന്നു. അതുകൊണ്ട് തന്നെ പുതിയ ആളുകളെ ആകർഷിക്കുന്നതിന്, അതിന് സാദ്ധ്യമാവാതിരിക്കുകയും ചെയ്യുന്നു.

'കേരളീയ'ത്തിന്റെ 2006 ഡിസംബർ ലക്കത്തിന്റെ ഉള്ളടക്കം പരിശോധിക്കുക. ഒന്നാം പേജിൽ അത് ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു.

(1) സിംഗൂരിലെ സമരം വാസ്തവമെന്ത്?
(2) പരുത്തികൃഷിയുടെ രാഷ്ട്രീയം
(3) കേരളം എ.ഡി.ബി.യിലേക്ക്


(4) മുല്ലപ്പെരിയാർ ഡാം വേണ്ട
(5) അതിരപ്പള്ളി സമരം ശക്തിപ്പെടുന്നു
(6) പ്ലാച്ചിമട ജനകീയ ജലാധികാരയാത്ര
(7) ജലമാഫിയ വരുമ്പോൾ

മേൽപറഞ്ഞ വിഷയങ്ങൾ പ്രധാനപ്പെട്ടത് തന്നെയാണ്. എന്നാൽ അതുമാത്രമല്ല പ്രധാനപ്പെട്ടത്. ഒരൊറ്റ വീക്ഷണത്തിന്റെ സങ്കുചിത സ്വഭാവം മേൽപറഞ്ഞ ലേഖനങ്ങളിലൂടെ കടന്നുപോകുമ്പോൾ നമുക്ക് അനുഭവിക്കേണ്ടിവരുന്നു. ഈ ലേഖനങ്ങളിലൂടെ ഉന്നയിക്കപ്പെടുന്ന വീക്ഷണങ്ങൾക്കെതിരെ വസ്തുതകളുടെ പിൻബലമുള്ള മറ്റു വീക്ഷണങ്ങളും സാദ്ധ്യമാവുമെന്ന് 'കേരളീയം' മറന്നു പോവുന്നു. എതിരഭിപ്രായങ്ങളുടെ സാന്നിദ്ധ്യം അതിന്റെ ഉള്ളടക്കത്തേയും മനോഭാവത്തേയും കൂടുതൽ അർത്ഥവത്താക്കുമെന്നാണ് ഞാൻ കരുതുന്നത്.

ഇപ്പോൾ 'കേരളീയ'ത്തിൽ വന്നുകൊണ്ടിരിക്കുന്ന ഉള്ളടക്കത്തോട് ആഭിമുഖ്യമുള്ളവരാണ് 99% വായനക്കാരും. അതൊരു വിഷമവൃത്തമാണ്. 'കേരളീയം' അഭിമുഖീകരിക്കേണ്ടതും ലക്ഷ്യം വെക്കേണ്ടതും ഇപ്പോൾ അതിനുള്ള വായനക്കാർക്ക് പുറത്താണ്.

'കേരളീയം' ലക്ഷ്യംവെക്കുന്ന താത്പര്യങ്ങളോട് ഇനിയും അടുക്കേണ്ടത് അവരാണ്. അതുകൊണ്ട് തന്നെ അവരെ സമീപിക്കാൻ ഉതകുന്ന രീതിയും ഉള്ളടക്കവും 'കേരളീയ'ത്തിന് ആർജ്ജിക്കാൻ കഴിയണം. നിഷ്പക്ഷമായിരിക്കാൻ നമ്മെ അനുവദിക്കാത്തത് പോലെ തന്നെ 'അവസാനത്തെ ശരി' നമ്മുടേതു മാത്രമാണെന്ന് കരുതാനോ, പ്രവർത്തനങ്ങളിലേർപ്പെടാനോ, കാലം നമ്മെ അനുവദിക്കുന്നില്ല.

*ടി.പി. യാക്കൂബ്, ഹരിതം, കോഴിക്കോട്*




കാർട്ടൂൺ : വി.എസ്. ഗിരീശൻ, രാമകൃഷ്ണാശ്രമം സ്കൂൾ, പുറനാട്ടുകര, തൃശൂർ

● വാർത്താവിശകലനം

## വടുതലയിൽ എന്തുസംഭവിക്കുന്നു?

കേരള ചരിത്രത്തിലാദ്യമായി ഭൂമി സർവേക്ക് പട്ടാളം റൂട്ട് മാർച്ച് നടത്തിയത് ഒരു പക്ഷെ വടുതലയിലായിരിക്കും. വല്ലാർപാടം ടെർമിനൽ പദ്ധതിക്ക് റെയിൽപാത പണിയാൻ ഒരാളെപ്പോലും കുടിയൊഴിക്കേണ്ടതില്ലാത്ത അലൈൻമെന്റ് ഉണ്ട്. റിയൽ എസ്റ്റേറ്റുകാർ വാങ്ങിക്കൂട്ടിയിരിക്കുന്ന ഭൂമിക്ക് 'ശല്യം' (റെയിൽ തൊട്ടടുത്തുണ്ടായാൽ വിലകുറയും) ഒഴിവാക്കാൻ നാനൂറിലേറെ മനുഷ്യരുടെ വീടുകൾക്കു മുകളിലൂടെ അതുകൊണ്ടുപോകുന്നു. ഒന്നരവർഷത്തിലേറെയായി അവർ സമരത്തിലാണ്. നിരവധി സമരങ്ങൾ അവിടെ നടന്നു. മുഖ്യമന്ത്രിയായശേഷം വി.എസ്. സന്ദർശിക്കുന്ന ആദ്യത്തെ സമരപന്തലും ഇതായിരിക്കും. ജനങ്ങൾ കോടതിയെ സമീപിച്ചു. ചിലവും കുടിയൊഴിക്കലും കാര്യമായി കുറവുള്ള വഴി എന്തുകൊണ്ട് സർക്കാർ തെരഞ്ഞെടുക്കുന്നില്ലെന്ന കാര്യം ചൂണ്ടിക്കാട്ടി ഹൈക്കോടതിയിൽ ഹർജി നൽകി. ആദ്യം അതു തള്ളിയ കോടതി തന്നെ അതു പുനഃപരിശോധിച്ചു. മുൻകണക്കുകളിൽ വെറും 35 വീടുകൾ വടുതലയിലൂടെയുള്ള പാതവരുമ്പോൾ നഷ്ടപ്പെട്ടുമെന്ന പഴയകണക്ക് ഇന്ന് അപ്രസക്തമാണ്. ആദ്യസർവ്വേയിൽത്തന്നെ 100 ൽപരം വീടുകൾ വടുതലയിൽ തകർത്തുകളയും. ഇതുകണ്ട കോടതി പദ്ധതിയുടെ വിശദമായ സാദ്ധ്യതാപഠനം നടത്തണമെന്ന് കോടതി ഉത്തരവിട്ടു.

വല്ലാർപാടം ടെർമിനൽ (റോഡ്, റെയിൽ), സ്മാർട്ട് സിറ്റി, ശബരിപാത, തുടങ്ങി നിരവധി സമരങ്ങളിൽ പങ്കെടുക്കുന്നവർ ജനുവരി 13 ന് എറണാകുളത്ത് ഒത്തുചേർന്നു. വികസന സാദ്ധ്യതകൾ തേടുമ്പോൾ ഏറ്റവും കുറച്ചു പേരെ കുടിയൊഴിക്കുന്നത് തിരഞ്ഞെടുക്കണം. കുടിയൊഴിക്കൽ അനിവാര്യമാകുന്ന ഘട്ടങ്ങളിൽ പുനരധിവാസം നടത്തിയിരിക്കണം. ഈ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് വൻസമര പരിപാടികൾക്ക് തയ്യാറെടുക്കുന്നുവെന്ന് പ്രഖ്യാപിക്കുന്ന സമ്മേളനമായിരുന്നു അത്.

## ജൈവകൃഷി പരിശീലനം

പാലക്കാട് : ജൈവവള നിർമാണം കേരളത്തിൽ. ജനുവരി 27ന് മുതലമടയിൽ (പാലക്കാട്). നമ്മാൾവർ (തമിഴ്നാട്), എസ്. ഉഷ, ആർ. ശ്രീധർ, സതീഷ് (തണൽ) തുടങ്ങിയവർ നേതൃത്വം നൽകുന്നു. ബന്ധങ്ങൾക്ക് 'ടീം ഫാർമേഴ്സ്', മോഹൻ 9447839465

## 'അന്വേഷി'യെ പിന്തുണയ്ക്കുക

കോഴിക്കോട് : ലിംഗനീതിയിലധിഷ്ഠിതവും, ജനാധിപത്യപരവും, അക്രമരഹിതവുമായ ഒരു സമൂഹം സൃഷ്ടിക്കുകയെന്ന ദൗത്യത്തിൽ ഞങ്ങളോടൊപ്പം നിൽക്കുക!

വളർച്ചയുടെ നിർണ്ണായകഘട്ടത്തിൽ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന അന്വേഷിയെ പിന്തുണക്കാനുള്ള ഒരു പ്രത്യേക അഭ്യർത്ഥനയാണിത്. കേരളത്തിൽ സ്ത്രീകൾക്കെതിരായ നടക്കുന്ന അക്രമങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഏറ്റെടുക്കുകയും, അവയെക്കുറിച്ച് ബോധവത്കരണം നടത്തുകയും ചെയ്യുന്ന വിശ്വസ്തവും പ്രതിജ്ഞാബദ്ധവുമായ ഒരു സ്ത്രീസംഘടന എന്ന നിലയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി അന്വേഷി നടത്തിവന്ന പ്രവർത്തനങ്ങളെക്കുറിച്ച് താങ്കൾക്ക് അറിവുള്ളതാണല്ലോ.

സ്ത്രീകൾ നേരിടുന്ന അക്രമങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഒത്തുകൂടിയ സമർപ്പണ മനോഭാവമുള്ള ഏതാനും സ്ത്രീകളുടെ കൂട്ടായ്മ എന്ന നിലയിലാണ് 1993ൽ അന്വേഷി വിമെൻസ് കൗൺസിലിംഗ് സെന്ററിന് രൂപം കൊടുത്തത്. ബന്ധപ്പെടുക : വി.ആർ. അനിത (സെക്രട്ടറി), കെ. അജിത (പ്രസിഡണ്ട്), അന്വേഷി വിമെൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, പി.ഒ. കുതിരവട്ടം, കോഴിക്കോട് - 673016. ഫോൺ: 0495 2744370

## ജനകീയ ജലാധികാര യാത്ര ഫെബ്രുവരി 23ന് ആരംഭിക്കുന്നു

പ്ലാച്ചിമട: പ്ലാച്ചിമട സമരസമിതിയുടെ ആഭിമുഖ്യത്തിലുള്ള ജനകീയ ജനാധികാര യാത്ര ഫെബ്രുവരി 23ന് കാസർഗോഡ് നിന്ന് ആരംഭിക്കുന്നു. ലോകജല ദിനമായ മാർച്ച് 22ന് തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിനുമുന്നിൽ 'ജലം ജീവന്, ജലഭരണം ജനങ്ങൾക്ക്' എന്ന സന്ദേശവുമായുള്ള ഈ യാത്ര സമാപിക്കും.

## മദ്യവിരുദ്ധ സത്യാഗ്രഹം കൊടുങ്ങല്ലൂരിൽ

കൊടുങ്ങല്ലൂർ : ശാന്തിപുരത്ത് മദ്യഷാപ്പ് വേണ്ട. 2007 ജനുവരി 8 മുതൽ ശാന്തിപുരത്ത് മദ്യഷാപ്പ് വിരുദ്ധ കർമ്മസമിതി സഹനസമരം തുടങ്ങിയിരിക്കുന്നു. ലക്ഷ്യം നേടാനായി നിരാഹാര സത്യാഗ്രഹവും തുടർന്ന് മരണത്തിലേക്കോ വിജയത്തിലേക്കോ ലക്ഷ്യമിടുന്ന അനിശ്ചിതകാല നിരാഹാരസമരവും തീരുമാനിച്ചിട്ടുണ്ട്. വിവരങ്ങൾക്ക്: ഇസാബിൻ, 9388658070

## വയനാട് കർഷകർ സത്യാഗ്രഹസമരത്തിൽ

കൽപറ്റ: ഏറ്റവും കൂടുതൽ കർഷക ആത്മഹത്യകൾ നടന്ന വയനാട്ടിൽ കൃഷിയേയും കർഷകരേയും രക്ഷിക്കാൻ ഫാർമേഴ്സ് റിലീഫ് ഫോറം സത്യാഗ്രഹസമരത്തിലാണ്. ജില്ലാ കളക്ടറേറ്റിനു മുമ്പിൽ എ.സി. വർക്കിയുടെ നേതൃത്വത്തിലുള്ള ഫോറം പ്രവർത്തകർ സമരം തുടങ്ങിയത് 2006 ഡിസംബർ 1 മുതലാണ്. കർഷകരുടെയും കർഷകതൊഴിലാളികളുടെയും കടങ്ങൾ പൂർണമായി എഴുതിത്തള്ളുക, ദേശീയ കാർഷികനയം രൂപീകരിക്കണം, നീര ഉത്പാദിപ്പിക്കാനും വിതരണം ചെയ്യുവാനുമുള്ള അവകാശം കർഷകർക്ക് ലഭിക്കണം, പലിശരഹിത പുനർവായ്പ ലഭിക്കണം, പുരയിടത്തിൽനിന്ന് കുടിയൊഴിപ്പിക്കൽ നടപടി അവസാനിപ്പിക്കണം തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ടുള്ള ഈ സമരപരിപാടിക്ക് മുഴുവൻ കേരളീയരുടെയും പിന്തുണ ഉണ്ടാവണമെന്ന് അപേക്ഷിക്കുന്നു.

## അതിരപ്പിള്ളി-പാത്രക്കടവ് ഐക്യദാർഢ്യസമിതി രൂപീകരിച്ചു

എറണാകുളം: സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ചാലക്കുടി പുഴയെ സംരക്ഷിക്കാനും അതിരപ്പിള്ളി ഡാം വരാതിരിക്കാനും സൈലന്റ് വാലി നശിക്കാതിരിക്കാനും ഐക്യദാർഢ്യസമിതികൾ രൂപീകരിച്ചുതുടങ്ങി. ഡോ. സി.എം. ജോയ്, സി.ആർ. നീലകണ്ഠൻ (എറണാകുളം), ശ്രീധരൻ തേറമ്പിൽ, പി.സി. അലക്സാണ്ടർ (തൃശൂർ) എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു. തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് ഗ്രീൻസിന്റെയും മറ്റ് സാമൂഹ്യ-സാംസ്കാരിക സംഘടനകളുടെയും ആഭിമുഖ്യത്തിൽ ധർണ്ണയും പ്രചരണ പരിപാടികളും നടത്തി. തൃശൂരിൽ വൈദ്യുതഭവനിലേക്ക് മാർച്ച് നടത്തി. കൊച്ചിയിൽ കേരളത്തിലെ ഊർജ്ജരംഗത്തെക്കുറിച്ചും ബദൽ സാദ്ധ്യതകളെക്കുറിച്ചും സെമിനാർ നടന്നു. കൂടുതൽ വിവരങ്ങൾക്ക്: 9895977769, 9249898773, 9847283120, 9447221429, 9387104197

## പ്ലാച്ചിമട: അനുസ്മരണ യോഗം ഫെബ്രുവരി 5ന്

പാലക്കാട്: കൊക്കക്കോള വിരുദ്ധ സമരസമിതിയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 5ന് മരിച്ചുപോയ പ്ലാച്ചിമട സമരപോരാളികളെ അനുസ്മരിക്കുന്നു. സാമൂഹിക രാഷ്ട്രീയ പ്രവർത്തകർ പങ്കെടുക്കും. ബന്ധങ്ങൾക്ക് ഫോൺ - 9349501699

## നിലാവ് കൂട്ടായ്മ കലശമലയിൽ

തൃശൂർ : കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ വർഷങ്ങളായി നടന്നുവരുന്ന നിലാവ് കൂട്ടായ്മ വീണ്ടും. കലശമലയിൽ മാർച്ച് 3ന് വൈകീട്ട് ഒത്തുകൂടുന്നു. നിലാവനുഭവിക്കൽ, കഥപറച്ചിൽ, കവിതചൊല്ലൽ, കഞ്ഞികുടിക്കൽ, തുറന്ന സ്ഥലത്ത് ഉറങ്ങൽ, പാട്ടുപാടൽ......

*ബന്ധപ്പെടുക : പ്രമോദ്, 9447674375, രാജഗോപാൽ, 0466 2238411*